(Pages : 4) **H – 1788**

Reg. No. : 10518132024

Name : Akash

**Third Semester B.A./B.Sc. Degree Examination, October 2019**

**First Degree Programme under CBCSS**

**Malayalam Language**

**Language Course VII – Additional Language III**

**ML 1311.1 : DRISHYAKALASAHITHYAM**

ദൃശ്യകലാസാഹിത്യം

**(2018 Admission)**

Time : 3 Hours Max. Marks : 80

ഒരു വാക്യത്തിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര്?

2. കോട്ടയത്തു തമ്പുരാന്റെ ഏതെങ്കിലും ഒരു ആട്ടക്കഥയുടെ പേരെഴുതുക.

3. ജി. ശങ്കരപ്പിള്ളയുടെ ആദ്യ നാടകം ഏത്?

4. മലയാള നാടക സാഹിത്യചരിത്രം ആരുടെ കൃതിയാണ്?

5. നളചരിതത്തെ മലയാളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിച്ചതാര്?

6. നാടകം സംബന്ധിച്ച് സി.ജെ. തോമസ്സ് രചിച്ച കൃതി ഏത്?

7. അടവിവാസവുമടവുനന്നു നന്നൊരു
   കടവുമില്ല തടവുമില്ലവർക്കിഹ - ആർക്ക്?

P.T.O.

8. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളിൽ ആദ്യത്തേത് എന്ന് കരുതുന്നത് ഏത്?

9. ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആര്?

10. നളചരിതം ആട്ടക്കഥയ്ക്ക് എ.ആർ. എഴുതിയ വ്യാഖ്യാനം എന്ത്?

(10 × 1 = 10 Marks)

II. ഒരോ ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. നാരദൻ നളനെ അറിയിച്ച ദമയന്തീ-വൃത്താന്തം എന്തായിരുന്നു?

12. യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം ഇങ്ങനെ പറയാൻ കാരണമെന്ത്?

13. മുദിരതതി കമ്പരീ പരിചയ പദവിയോ

വിജനേ വസതിയോ മേ ഗതിയിനി രണ്ടിലൊന്നേ - സന്ദർഭം എന്ത്?

14. അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം

അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ - സന്ദർഭം എന്ത്?

15. ചിലദളിതഡാകാരം ചെവികളിലംഗാരം

കോകില കൂജിതങ്ങൾ കൊടിയ കർണ്ണശൂലങ്ങൾ - സന്ദർഭം എന്ത്?

16. മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ

- ഇങ്ങനെ പറയാൻ കാരണമെന്ത്?

17. നമ്മുടെ ചോർ തിന്നുന്നൊരു ദുഷ്ടന്

നമ്മുടെ വൈരികളിൽ ബഹുമാനം - ആരുടെ വാക്കുകൾ?

18. മാറ്റാരിൽ കനിവേറ്റവുമുള്ളൊരു

കൂറ്റാരേക്കാൾ മാറ്റാർ നല്ലൂ - സന്ദർഭം എന്ത്?

19. മുല്ലയിൻമേൽ ആരെങ്കിലും കാണാത്ത വെള്ളമൊഴിക്കുമോ? സന്ദർഭം എന്ത്? - ഇങ്ങനെ പറയുന്നതിന്റെ കാരണം?

20. പെയ്യുന്നിതേ വെള്ളില വള്ളിതോറും - കാരണമെന്ത്?

21. പ്രാന്തനാ മരിക്കാതെ മരണമില്ലാതെ എവിടേയ്യോ കഴിയാ എന്നാലോ ജീവിക്കുന്നുണ്ടൊട്ടു പറയാനുമാകില്ല - സന്ദർഭം എന്ത്?

22. മങ്ങിക്കത്തുന്ന റാന്തൽ വിളക്കിന് സബർമതി ദൂരെയാണ് എന്ന നാടകത്തിലുള്ള പ്രാധാന്യമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. നളചരിത ഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

24. നളൻ ദമയന്തി എന്നിവരുടെ നേരിട്ടു കാണാതെയുള്ള അനുരാഗം അതീവസുന്ദരമായി അവതരിപ്പിക്കുകയാണ് നളചരിതം ആട്ടക്കഥയിൽ - ചർച്ച ചെയ്യുക.

25. ഒരു ഉത്തമ പിതാവിന്റെ ദൗത്യം നിർവ്വഹിക്കുകയാണ് കണ്വമഹർഷി - നാലാമങ്കത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

26. ശകുന്തള ആശ്രമം വിട്ടു പോകുമ്പോൾ ആശ്രമത്തിനുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?

27. നമ്പ്യാരുടെ സാമൂഹിക പരിഹാസം ഘോഷയാത്ര എന്ന ഓട്ടൻതുള്ളലിൽ പ്രതിഫലിക്കുന്നതെങ്ങനെ?

28. ആൾക്കൂട്ടം ബൈസിക്കിൾ തീവ്സിലെ സുപ്രധാന കഥാപാത്രമാണ് - ചർച്ച ചെയ്യുക.

29. പ്രത്യാശയാണ് ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിന്റെ അടിസ്ഥാനം - പരിശോധിക്കുക.

30. കടം വാങ്ങൽ വ്യക്തിയെ അങ്ങേയറ്റം ദുരന്തങ്ങളിലേക്ക് തള്ളിയിടുന്നു. രാവുണ്ണി എന്ന നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

31. എഴുപതുകളിലെ മലയാള നാടകത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

**(6 × 4 = 24 Mark**

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. അനുരാഗബദ്ധരായ നളനെയും ദമയന്തിയെയും അവരുടെ മനോവ്യാപാരങ്ങളിൽ കൂടി അവതരിപ്പിക്കുകയാണ് ഉണ്ണായി വാര്യർ - ഉപന്യസിക്കുക.

33. സാമൂഹികവിമർശനമാണ് നമ്പ്യാർ കൃതികളുടെ ലക്ഷ്യം - ചർച്ച ചെയ്യുക.

34. ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളെപ്പറ്റി ലഘു ഉപന്യാസം തയ്യാറാക്കുക.

35. രണ്ടാം ലോകയുദ്ധം സൃഷ്ടിച്ച കെടുതികളാണ് ബൈസിക്കിൾ തീവ്സ് എന്ന സിനിമ ചർച്ച ചെയ്യുന്നത്. - പരിശോധിക്കുക.

(2 × 15 = 30 Marks)

---

(Pages : 3) G – 2294

Reg. No. : ..............................

Name : ..................................

Second Semester B.A./B.Sc. Degree Examination, May 2019

First Degree Programme under CBCSS

MALAYALAM LANGUAGE

Language Course V – Additional Language

ML 1211.1 : ഗദ്യസാഹിത്യം

(2018 admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. ലക്ഷണമൊത്ത ആദ്യ മലയാള നോവൽ ഏത്?

2. മാർത്താണ്ഡവർമ്മ എന്ന നോവൽ എഴുതിയതാര്?

3. വാസനാവികൃതി എന്ന കഥയുടെ കർത്താവ് ആര്?

4. ഭാരതപര്യടനം എഴുതിയതാര്?

5. തകഴിയുടെ രണ്ട് നോവലിന്റെ പേരെഴുതുക.

6. സുന്ദരികളും സുന്ദരന്മാരും എന്ന നോവൽ എഴുതിയതാര്?

7. ക്ലാസ്സിൽ ഒന്നാംസ്ഥാനം അവൾക്ക് നിർബന്ധമായിരുന്നു. ആർക്ക്?

8. കാൽപ്പനികതയ്ക്ക് കേസരി ബാലകൃഷ്ണപിള്ള നിർദ്ദേശിച്ച പേര് എന്ത്?

P.T.O.

9. ജനാധിപത്യത്തെ നിഷ്ക്രിയമാക്കുന്നത് എന്ത്?

10. എഴുത്തുകാരൻ പല ഭാഷ അറിയുന്നവനും പല ഭാഷയിൽ മൗനം പാലിക്കുന്നവനും ആയിരിക്കണമെന്ന് പറഞ്ഞതാര്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

11. കുറച്ചാളുകളെയെങ്കിലും സ്നേഹിക്കാതെ മനുഷ്യന്മാർക്ക് കഴിച്ചുകൂട്ടാൻ കഴിയുമോ? സന്ദർഭം എഴുതി ആശയം വ്യക്തമാക്കുക.

12. മനസ്സിന്റെ ആട്ടം നിന്നതോടെ ആ ദുർബലന്റെ കാൽപെരുമാറ്റവും നിലച്ചു. ആരുടെ കാര്യമാണ് ഇവിടെ പറയുന്നത്? വിശദീകരിക്കുക.

13. കാൽപ്പനികതയുടെ നിർവ്വചനങ്ങൾ ക്രോഡീകരിക്കുക.

14. ഇംഗ്ലീഷുകാരൻ പ്രയോഗിക്കുന്ന മലയാളത്തിന്റെ പ്രത്യേകത എന്ത്?

15. മാധ്യമങ്ങളുടെ ഇന്നത്തെ പ്രധാന ദൗത്യം എന്ത്?

16. ഫലിതം കാഴ്ചപ്പാടിന്റെ മഹത്വത്തിൽ നിന്നു ജനിക്കുന്ന ചിരിയല്ല എന്നു പറയാൻ കാരണം എന്ത്?

17. കാൻസർ രോഗത്തെപറ്റി നിലവിലുണ്ടായിരുന്ന ധാരണകൾ എന്തെല്ലാം?

18. സുഭാഷ് ചന്ദ്രന്റെ തല്പം എന്ന കഥയുടെ രചനാപരമായ പ്രത്യേകതകൾ ആവിഷ്കരിക്കുക.

19. തെറ്റില്ലാത്ത മലയാളം ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

20. പത്രലോകത്തിലെ ഇന്നത്തെ അവസ്ഥ വിലയിരുത്തുക.

21. കാൻസറിനോട് പടപൊരുതി വിജയം നേടിയ നൗഷാദിനെപറ്റി എഴുതുക.

22. കാശും പണവും ഇല്ലെങ്കിലും ആ അമ്മയുടെ കുട്ടികളൊക്കെ നല്ല സ്വഭാവമാണെന്ന് പറയാത്ത നാട്ടുകാരില്ല. ഏത് അമ്മയുടെ? വിശദീകരിക്കുക.

(8 × 2 = 16 Marks)

III. **120** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ഉമ്മാച്ചുവിനെ മായൻ പുനർവിവാഹം ചെയ്യാനുണ്ടായ സാഹചര്യം എന്ത്?

24. ഉമ്മാച്ചുവിന്റെ തറവാട് ഭാഗിക്കാൻ ഇടയായ സാഹചര്യം എഴുതുക.

25. ആദ്യകാല കഥകളുടെ എല്ലാ പ്രത്യേകതകളും ഉൾക്കൊള്ളുന്ന കഥയാണ് ആരാന്റെ കുട്ടി. വിശദമാക്കുക.

26. ദുഃഖത്തിന്റെ തീവ്രത കടൽത്തീരത്ത് എന്ന കഥയിൽ ആവിഷ്കരിക്കുന്നത് എങ്ങനെ?

27. നവോത്ഥാന നോവലുകളെ പറ്റി പ്രതിപാദിക്കുക.

28. മലയാളത്തിലെ കാൽപനികതയെപറ്റി ചുരുക്കി എഴുതുക.

29. ഇ.എം.എസ്. മലയാളഭാഷയെ വിശകലനം ചെയ്യുന്നത് എങ്ങനെ?

30. പാരമ്പര്യത്തെ വെല്ലുവിളിച്ച ചീനമുളകാണ് ചിന്നമ്മു. വിശദമാക്കുക.

31. ഉതുപ്പാന്റെ വിഷമത്തിന് കാരണമെന്ത്?

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. സ്ത്രീകളോടുള്ള ക്രൂരത അനാവരണം ചെയ്യുന്ന കഥയാണ് കൃഷ്ണഗാഥ. ചർച്ച ചെയ്യുക.

33. മലയാള പ്രതിഭകളുടെ മൗനത്തോടുള്ള താല്പര്യം കെ.പി. അപ്പൻ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

34. ചാപ്പുണ്ണി നായർ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

35. എം.ടി. കഥകളുടെ പൊതുസ്വഭാവം പ്രകടിപ്പിക്കുന്ന ഒരു കഥയാണ് കർക്കിടകം - ചർച്ച ചെയ്യുക.

**(2 × 15 = 30 Mark**

---

(Pages : 3) H – 2010

Reg. No. : ..............................

Name : ...................................

First Semester B.A./B.Sc. Degree Examination, November 2019

First Degree Programme under CBCSS

Malayalam Language

Language Course II – Additional Language I

ML 1111.1 : മലയാള കവിത

(2018 admission onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ജരിതയുടെ ഭർത്താവ് ആര്?

2. 'ഗ്രാമവൃക്ഷത്തിലെ കുയിൽ' ആരുടെ രചനയാണ്?

3. 'ആരോമൽച്ചേകവരങ്കം പിടിച്ചിട്ടും' അരമുഴംപോലും പിൻവാങ്ങാത്തതെന്ത്?

4. ആദ്യത്തെ കർഷകരാജാവായി ശോഭിച്ചതാര്?

5. 'ഗോപികാദണ്ഡകം' എന്ന രചന ഏതു കവിതയോടുള്ള പ്രതികരണമാണ്?

6. ഒക്ടേവിയോ പാസിന്റെ 'സൺസ്റ്റോൺ' എന്ന കൃതി 'സൂര്യശില' എന്ന പേരിൽ വിവർത്തനം ചെയ്തതാര്?

7. ഇക്കുറി ആതിരയെ ഒരുമിച്ചു കൈകൾകോർത്ത് എതിരേല്ക്കണമെന്നു പറയാൻ കാരണമെന്ത്?

P.T.O.

8. 'അമ്പലമണി' രചിച്ചതാര്?

9. ഉണ്ണിയാർച്ച പിറന്ന വീടേത്?

10. 'ശക്തിയുടെ കവി' എന്ന വിശേഷണം നേടിയതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "എങ്ങാനും പൊയ്പ്പോൽകമ്മേ! നീകൂടെ മരിക്കേണ്ടാ" - ഇങ്ങനെ പറയാൻ കാരണമെന്ത്?

12. "ഭീതിവേണ്ട, തരികതെനിക്കു നീ" - പറഞ്ഞതാര്? സൂചിതമെന്ത്?

13. മനസ്വിനിയുടെ ചികുരഭരം വിലസിയത് എപ്രകാരമാണ്? കല്പനയുടെ ഭംഗി പരിശോധിക്കുക.

14. "സങ്കടം കാൺകിലും കാണാതെ പോകയോ
മംഗലേ നീയൊരു മങ്കയല്ലേ?" - പറഞ്ഞതാര്? കാരണമെന്ത്?

15. "ഒന്നിണ്ടു കേൾക്കണം അച്ഛനോട്" - ഉണ്ണിയാർച്ച ചോദിക്കുന്നതെന്ത് ?

16. വൃദ്ധന്റെ പ്രണയം ചാഞ്ഞു പെയ്യുന്ന മഴപോലെയാണെന്നു പറയുന്നതെന്തുകൊണ്ട്?

17. "മർദ്ദനമേറ്റു വലഞ്ഞോരെൻ ദൃഢ-
മസ്തകമിപ്പൊഴുമുയരുന്നു." - ആരുടെ? എന്തുകൊണ്ട്?

18. "അവിടെ നീ പോകേണ്ട, തവരുടെ മാർഗ്ഗമെന്നറിയൂ" - എവിടെ? സൂചിതമെന്ത്?

19. "എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ" - സൂചിതമെന്ത്?

20. "ആരന്ധകാരത്തെ സൃഷ്ടിച്ചവൻ, ദയാ-
വാരാശിയദ്ദേഹം വാഴ്ത്തപ്പെട്ടോൻ" - ഇങ്ങനെ സ്തുതിക്കാൻ കാരണമെന്ത്?

21. "അതിരുണ്ടവൾതൻ ക്ഷമയ്ക്കും" - ആരുടെ? സൂചിതമെന്ത്?

22. പാടത്തു കതിരിനു കനം വീഴുന്നതിനൊപ്പം കോമന്റെ വീട്ടിലുയർന്ന ആശകൾ ഏവ?

**(8 × 2 = 16 Mark**

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഒരു തൈ നടുമ്പോൾ കൂടെ നടുന്നത് എന്തൊക്കെയാണ്?

24. മൊബൈൽഫോണിനെ പ്രണയവുമായി ബന്ധിക്കുന്നതിന്റെ കാവ്യയുക്തി പരിശോധിക്കുക.

25. 'എലികൾ' എന്ന രചനയിൽ ഹാസ്യം ദുരന്താവിഷ്കാരത്തിനു കരുവാകുന്നതെങ്ങനെ?

26. കൃഷ്ണന്റെ ബാല്യം 'കുഞ്ഞേ, മുലപ്പാൽ കുടിക്കരുത്' എന്ന കവിതയുടെ ഭാവാന്തരീക്ഷത്തെ നിർണ്ണയിക്കുന്നതെങ്ങനെ?

27. ധർമ്മം, കർമ്മം എന്നിവയെക്കുറിച്ചുള്ള ധാരണകൾ 'ജരിതാവിലാപ'ത്തിലെ വൈകാരികമായ സന്ദർഭത്തിൽ പ്രവർത്തിക്കുന്നതെങ്ങനെ?

28. "അപ്രതിമഗുണാർദ്രമനസ്വിനി നീ" എന്നു പ്രിയതമയെ വാഴ്ത്തുന്നതിന്റെ കാരണങ്ങൾ ഏവ?

29. "ഒന്നല്ലെനിക്കുള്ളൂ പൊന്മകനും

അവനെ പഴുതെ നീ കൊല്ലിക്കല്ലേ" - അച്ഛൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

30. "പാരിന്റെ ദാസിച്ചെറുമിയായ്പ്പോകയാൽ

സൂരജേ നീയെന്തുയർച്ച നേടി" - സൂചിതമെന്ത്?

31. 'നിനക്ക്' എന്ന കവിതയിലെ വാഗ്ദാനങ്ങളുടെ സവിശേഷത പരിശോധിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. "വൃദ്ധരതിയുടെ നിസ്സഹായതയെ വാത്സല്യരാശിയിലേക്കു വലിച്ചടുപ്പിക്കുന്ന അനുഭവമാണ് ചാഞ്ഞു പെയ്യുന്ന മഴയിലേത്" - പരിശോധിക്കുക.

33. 'സഫലമീയാത്ര' എന്ന കൃതാർത്ഥതയോടെ കവി ആതിരയെ എതിരേല്ക്കുന്നതിന്റെ ഭാവമേഖലകൾ വിശകലനം ചെയ്യുക.

34. "നാടകീയമായ ആഖ്യാനശൈലികൊണ്ടും പരിവർത്തനോത്സുകമായ പ്രമേയം കൊണ്ടും പ്രസക്തമാണ് ചണ്ഡാലഭിക്ഷുകി" - പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.

35. 'പുത്തൻകലവും അരിവാളും' എന്ന കവിതയുടെ ചരിത്രപരവും സാമൂഹികവുമായ പ്രസക്തി പരിശോധിക്കുക.

**(2 × 15 = 30 Marks)**

---